(സി) ചുനക്കര വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) ചുനക്കര വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നത് പരിശോധിക്കുന്നതാണ്.

പയ്യന്നൂർ താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം

332(4342) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി രണ്ട് കോടി അമ്പത് ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ടോ; വർക്ക് ഓർഡർ നൽകിയ തീയതി വ്യക്തമാക്കാമോ?

കരാറുകാരന് 23-12-2020-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

പ്രവൃത്തി നടത്തേണ്ട സ്ഥലത്തെ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപടിക്രമം തുടരുന്നതിനാലാണ് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാത്തത്.

(സി) പുതിയ കെട്ടിടം നിർമ്മിക്കേണ്ട സ്ഥലം കരാറുകാരന് റവന്യൂ വകുപ്പ് കൈമാറിയിട്ടുണ്ടോ?

ഇല്ല.

(ഡി) പ്രസ്തുത സ്ഥലത്തെ മരത്തിന്റെ വില നിശ്ചയിച്ച്, അവ മുറിച്ചു മാറ്റുന്നതിന് സോഷ്യൽ ഫോറസ്ട്രിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തീയതി വ്യക്തമാക്കാമോ?

ഉണ്ട്. കണ്ണൂർ അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ 22/07/20 തീയതിയിലെ ജി.826/20(1) (എൽ.ഡിസ്) നമ്പർ കത്ത് പ്രകാരം വില നിശ്ചയിച്ചിട്ടുണ്ട്.

(ഇ) പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടത്തേണ്ടത് ആരാണെന്നും, ടെണ്ടർ നടപടി വൈകുന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

കോഴിക്കോട് പൊതുമരാമത്ത് കെട്ടിടവിഭാഗം ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നുമാണ് ടെണ്ടർ നടപടി സ്വീകരിക്കേണ്ടത്. ടെണ്ടർ നടപടി പൂർത്തിയായി 18 മാസ കാലാവധിയോടെ പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 12-1-2021-ന് കരാറുകാരൻ എഗ്രിമെന്റ് വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly